2026
MARCH
12
THUSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ലക്ഷ്യം വികസിത കേരളം; കേരളത്തെ പെട്രോകെമിക്കൽ ഹബ്ബ് ആക്കും: പ്രധാനമന്ത്രി

**കൊച്ചി:** വ്യവസായ മേഖലയ്ക്ക് കുറഞ്ഞ ചിലവിൽ അസംസ്കൃത വസ്തുക്കൾ നൽകാൻ കഴിയുന്ന തരത്തിൽ കേരളത്തെ പെട്രോകെമിക്കൽ ഹബ്ബാക്കി മാറ്റുകയാണ് ലക്ഷ്യമിടുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. കൊച്ചിയിൽ ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് (ബിപിസിഎൽ) സ്ഥാപിക്കുന്ന പോളിപ്രൊപ്പിലീൻ പ്ലാന്റിന്റെ ശിലാസ്ഥാപനം ഉൾപ്പെടെ രാജ്യത്തെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനം എറണാകുളം കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. കൊച്ചി റിഫൈനറിയിലെ പോളിപ്രൊപ്പലീൻ യൂണിറ്റിലൂടെ പെട്രോളിയം മേഖലയെ കൂടുതൽ കരുത്തുറ്റതാക്കുക എന്നതാണ് ലക്ഷ്യം. പാക്കേജിംഗ്, ടെക്സ്റ്റൈൽ, മെഡിക്കൽ ഉപകരണ നിർമ്മാണ മേഖലകളെ സഹായിക്കുന്നതിനായി പ്രതിവർഷം നാല് ലക്ഷം ടൺ ഉൽപ്പാദനമാണ് ഈ യൂണിറ്റിൽ നിന്ന് പ്രതീക്ഷിക്കുന്നത്. 'സ്വയംപര്യാപ്ത ഭാരതം കെട്ടിപ്പടുക്കുന്നതിനും 'മേയ്ക്ക് ഇൻ ഇന്ത്യ'യ്ക്കും പെട്രോളിയം മേഖലയുടെ വികസനം അത്യന്താപേക്ഷിതമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ഇന്ത്യയെ ആഗോള നിർമ്മാണസാങ്കേതിക ഹബ്ബാക്കി മാറ്റാനുള്ള നീക്കത്തിന്റെ ഭാഗമായി, നിർമ്മിത ബുദ്ധി, സെമികണ്ടക്ടർ മേഖലകളിലെ രാജ്യത്തിന്റെ പുരോഗതിയിൽ സുസ്ഥിര ഊർജ്ജത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യകതയും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.



സൗരോർജ്ജ ഉൽപ്പാദന രംഗത്ത് കേരളം മുന്നേറുന്നു എന്നുറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ളോട്ടിംഗ് സോളാർ പ്രോജക്റ്റിന് തറക്കല്ലിട്ടു. ധാരാളം ജലാശയങ്ങളുള്ള കേരളത്തിന് ഫ്ളോട്ടിംഗ് സോളാർ പവർ മേഖലയിൽ വലിയ സാധ്യതകളുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. 'സൗരോർജ്ജ ഉൽപ്പാദനത്തിൽ കേരളം ഇനിയും മുന്നോട്ട് പോകണമെന്നും പറഞ്ഞു. അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയിലൂടെയും റെയിൽവേ വൈദ്യുതീകരണത്തിലൂടെയും പ്രാദേശിക കണക്റ്റിവിറ്റിയിൽ കൈവരിച്ച സുപ്രധാന നേട്ടങ്ങളെക്കുറിച്ച് വിശദീകരിച്ച പ്രധാനമന്ത്രി ഷൊർണൂർ ജംഗ്ഷൻ, കുറ്റിപ്പുറം, ചങ്ങനാശ്ശേരി എന്നിവിടങ്ങളിലെ നവീകരണ പ്രവർത്തനങ്ങളും, പുതിയ പാലക്കാട് പൊള്ളാച്ചി ട്രെയിൻ സർവീസും കേരളത്തിലെയും തമിഴ്നാട്ടിലെയും ജനങ്ങളുടെ യാത്രാനുഭവത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരുമെന്നും പ്രധാനമന്ത്രി പറഞ്ഞു. കോഴിക്കോട് ബൈപാസ് ഉൾപ്പെടെയുള്ള പുതിയ ആറുവരി പാതകളും അഴീക്കൽ തുറമുഖത്തേക്കുള്ള മെച്ചപ്പെട്ട കണക്റ്റിവിറ്റിയും യാത്രാസമയവും ഗതാഗതക്കുരുക്കും ഗണ്യമായി കുറയ്ക്കും. 'ഈ പദ്ധതികളെല്ലാം കേരളത്തിലെ കർഷകർക്ക് ഗുണകരമാകുന്നതിനൊപ്പം ഇവിടുത്തെ ടൂറിസം മേഖലയ്ക്കും മറ്റ് വ്യവസായങ്ങൾക്കും വലിയ ഉണർവ് നൽകുമെന്നും പറഞ്ഞു. അടിസ്ഥാന സൗകര്യ മേഖലയിൽ നിക്ഷേപിക്കുന്ന ഓരോ രൂപയും യുവാക്കൾക്ക് വലിയ തോതിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ചാലക ശക്തിയായി പ്രവർത്തിക്കും. ഈ ബഹുമുഖ പദ്ധതികൾ സംസ്ഥാനത്തിന്റെ ഉജ്ജ്വലമായ ഭാവിയിലേക്കുള്ള അത്യന്താപേക്ഷിതമായ ചുവടുവെപ്പുകളാണെന്നും "വികസിത കേരളം' എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ ഈ പദ്ധതികൾ നിർണ്ണായക പങ്ക് വഹിക്കുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. കേന്ദ്ര മന്ത്രിമാരായ ജോർജ്ജ് കുര്യൻ, സുരേഷ് ഗോപി, കേരള ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, ഹൈബി ഈഡൻ എം.പി, മുൻ കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

# വിനോദ സഞ്ചാര സാധ്യത: ജർമ്മനിയും ഇന്തോനേഷ്യയുമായി ചർച്ച നടത്തി ഇന്ത്യ

**ന്യൂഡൽഹി:** വിനോദ സഞ്ചാര സാധ്യതകൾ വർധിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര വിനോദസഞ്ചാര സാംസ്കാരിക വകുപ്പ് മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത് ഇന്തോനേഷ്യൻ ടൂറിസം മന്ത്രി വിദ്യന്തി പുത്രി വർദ്ധന, ജർമ്മനിയുടെ ടൂറിസം ഫെഡറൽ ഗവൺമെന്റ് കമ്മീഷണർ ഡോ. ക്രിസ്റ്റോഫ് പ്ലോസ് എന്നിവരുമായി ഉഭയകക്ഷി ചർച്ചകൾ നടത്തി. ജർമ്മനിയിലെ മെസ്സെ ബെർലിനിൽ നടന്ന ലോകത്തിലെ ഏറ്റവും വലിയ ട്രാവൽ എക്സിബിഷനായ ഐടിബി ബെർലിൻ 2026ൽ വെച്ചായിരുന്നു ചർച്ച. വിനോദസഞ്ചാരികളുടെ വരവ് വർദ്ധിപ്പിക്കുക, സുസ്ഥിര യാത്രകൾ പ്രോത്സാഹിപ്പിക്കുക, വ്യോമഗതാഗത സൗകര്യങ്ങൾ വിപുലീകരിക്കുക, രാജ്യങ്ങൾ തമ്മിലുള്ള ജനസമ്പർക്കം ദൃഢമാക്കുക എന്നിവയിലായിരുന്നു ചർച്ച ശ്രദ്ധ കേന്ദ്രീകരിച്ചത്. ഇന്ത്യയുടെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം പങ്കാളികളിലൊന്നാണ് ജർമ്മനിയെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. ഇന്ത്യയിലേക്ക് ഏറ്റവും കൂടുതൽ സഞ്ചാരികളെത്തുന്ന എട്ടാമത്തെ വലിയ രാജ്യമാണ് ജർമ്മനി. 2025ൽ 2,60,000 ജർമ്മൻ വിനോദസഞ്ചാരികളാണ് ഇന്ത്യ സന്ദർശിച്ചത്. യുഎൻ വേൾഡ് ടൂറിസം ഓർഗനൈസേഷൻ സെക്രട്ടറി ജനറൽ മിസ് ഷൈഖ അൽ നൊവൈസുമായും മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത് കൂടിക്കാഴ്ച നടത്തി. സുസ്ഥിര വിനോദസഞ്ചാര വികസനത്തെക്കുറിച്ചും പുനരുജ്ജീവനാത്മക വിനോദസഞ്ചാര രീതികളെക്കുറിച്ചും ഇരുവരും ചർച്ച ചെയ്തു. നെറ്റ്ഫ്ളിക്സ് ടൂറിസം മന്ത്രാലയത്തിനായി തയ്യാറാക്കിയ രണ്ട് ഹ്രസ്വചിത്രങ്ങൾ ഐടിബി ബെർലിനിൽ കേന്ദ്ര ടൂറിസം മന്ത്രി പ്രകാശനം ചെയ്തു.



ഇതിൽ ഒന്ന് ഇന്ത്യയുടെ സജീവമായ സംസ്കാരം, പാരമ്പര്യങ്ങൾ, ഉത്സവങ്ങൾ, പൈതൃകം എന്നിവയെ ആസ്പദമാക്കിയുള്ളതാണ്. രണ്ടാമത്തേത് ഇന്ത്യൻ വിഭവങ്ങളുടെ വൈവിധ്യത്തെയും രുചികളെയും ആഘോഷിക്കുന്നു. ഇന്ത്യൻ വിനോദസഞ്ചാര കേന്ദ്രങ്ങളെ ആഗോളതലത്തിൽ പരിചയപ്പെടുത്തുന്നതിനായി ടൂറിസം മന്ത്രാലയം നെറ്റ്ഫ്ളിക്സുമായി കൈകോർത്തിരിക്കുകയാണ്. ഈ പങ്കാളിത്തത്തിൻ കീഴിൽ, 'ഇൻക്രെഡിബിൾ ഇന്ത്യ'യും നെറ്റ്ഫ്ളിക്സും ചേർന്ന് ഒരു വർഷത്തിനുള്ളിൽ പത്ത് ഹ്രസ്വ വീഡിയോകൾ നിർമ്മിക്കും. നെറ്റ്ഫ്ളിക്സ് സിനിമകളിൽ നിന്നും സീരീസുകളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് നിർമ്മിക്കുന്ന ഓരോ വീഡിയോയും ഇന്ത്യയുടെ രുചികൾ,സാഹസിക വിനോദസഞ്ചാരം, വന്യജീവി സമ്പത്ത്, പ്രകൃതി സൗന്ദര്യം എന്നിങ്ങനെ രാജ്യത്തിന്റെ ആഴവും വൈവിധ്യവും ലോകത്തിന് മുന്നിലെത്തിക്കും. രാജസ്ഥാൻ, കേരളം, മധ്യപ്രദേശ്, തമിഴ്നാട്, ഗോവ, ഉത്തർപ്രദേശ്, ഗുജറാത്ത്, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാന സർക്കാരുകളും ലഡാക്ക്, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ എന്നീ കേന്ദ്രഭരണ പ്രദേശങ്ങളും ഐആർസിടിസിയും ഐ ടി ബി ബെർലിൻ 2026 ൽ പങ്കെടുത്ത് തങ്ങളുടെ പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങളും പദ്ധതികളും അവതരിപ്പിച്ചു. ഇന്ത്യൻ ട്രാവൽ ഇൻഡസ്ട്രിയിൽ നിന്നുള്ള 42 പങ്കാളികളും വിവിധ സംസ്ഥാന സർക്കാരുകളും ചേർന്ന് ഇന്ത്യ പവലിയനിൽ രാജ്യത്തിന്റെ സാംസ്കാരിക വൈവിധ്യവും വിപുലമായ വിനോദസഞ്ചാര ഉൽപ്പന്നങ്ങളും പ്രദർശിപ്പിച്ചു. വിദേശ പ്രതിനിധികളുമായി നടത്തിയ വ്യാപാര കൂടിക്കാഴ്ചകൾ പുതിയ ബന്ധങ്ങൾ സ്ഥാപിക്കുന്നതിനും സഹായകമായി. ഇന്ത്യൻ പവലിയനിലെത്തിയ സന്ദർശകർക്ക് മെഹന്തി, ബ്ലോക്ക് പ്രിന്റിംഗ്, കാലിഗ്രഫി തുടങ്ങിയ വൈവിധ്യമാർന്ന കലാകരകൗശല പൈതൃകങ്ങൾ നേരിട്ട് അനുഭവിക്കാനുള്ള അവസരവും ഒരുക്കിയിരുന്നു.

## ഇന്നത്തെ പരിപാടി

### കൊച്ചി

■ **എറണാകുളം ബോൾഗാട്ടി പാലസ് കെടിഡിസി കൺവെൻഷൻ സെന്റർ:** സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കൊച്ചി മറൈൻ ഡ്രൈവിലുള്ള ഭൂമിയിൽ വിഭാവനം ചെയ്തിട്ടുള്ള മറൈൻ എക്കോ സിറ്റി പദ്ധതിയുടെ ശിലാസ്ഥാപനം വൈകുന്നേരം 4 ന് മുഖ്യമന്ത്രി പിണറായി വിജയൻ. മന്ത്രി കെ. രാജൻ അധ്യക്ഷത വഹിക്കും.

■ **ഇടപ്പള്ളി ചങ്ങമ്പുഴ പാർക്ക്:** ഇടപ്പള്ളി ഐ ഫൗണ്ടേഷൻ കണ്ണാശുപത്രിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഗ്ലോക്കോമാ വാരാചരണത്തിന്റെ ഭാഗമായി സൗജന്യ ഗ്ലോക്കോമ പരിശോധന ക്യാമ്പ് രാവിലെ ആറു മുതൽ 10 വരെ. വൈകുന്നേരം നാലു മുതൽ ആറുവരെ.

■ **കൊച്ചി കോർപ്പറേഷൻ കൗൺസിൽ ഹാൾ:** കൊച്ചി നഗരസഭാ കൗൺസിൽ യോഗം ഉച്ചകഴിഞ്ഞ് 3.00ന്.

■ **എറണാകുളം ഗാന്ധിനഗർ ജിസിഡിഎ ഷോപ്പിംഗ് കോംപ്ലക്സ്:** ജിസിഡിഎ-ക്ലിന്റ് ആർട്ട് ഗ്യാലറി ഉദ്ഘാടനം മന്ത്രി പി. രാജീവ് രാവിലെ 10.30 ന്. ജി.സി.ഡി.എ ചെയർമാൻ കെ ചന്ദ്രൻപിള്ളി അധ്യക്ഷത വഹിക്കും. മേയർ അഡ്വ. വി.കെ മിനിമോൾ മുഖ്യാതിഥിയും ക്ലിന്റിന്റെ മാതാവ് ചിന്നമ്മ ജോസഫ് മുഖ്യാതിഥിയുമായിരിക്കും. ക്ലിന്റിന്റെ മാതാവ് ചിന്നമ്മ ജോസഫ് വിശേഷാതിഥിയായിരിക്കും.

# ഡ്രഗ്സ് റൂൾസ് ഭേദഗതി; പൊതുജനാഭിപ്രായം തേടി കേന്ദ്ര ആരോഗ്യ മന്ത്രാലയം

**ന്യൂഡൽഹി:** രക്ത ഉൽപ്പന്നങ്ങളുടെ പരിശോധനാ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് 1945ലെ ഡ്രഗ്സ് റൂൾസ് ഷെഡ്യൂൾ എ, പാർട്ട് XII C, പാരഗ്രാഫ് ഏ (രക്ത ഉൽപ്പന്നങ്ങളുടെ പരിശോധന) ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച നിർദേശവുമായി ബന്ധപ്പെട്ട് കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയം പൊതുജനങ്ങളിൽ നിന്ന് അഭിപ്രായം തേടുന്നു. ഇതു സംബന്ധിച്ച കരട് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചു. രക്ത ഉൽപ്പന്നങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ട ഫാർമക്കോപ്പിയ മാനദണ്ഡങ്ങൾക്കനുസൃതമായി ക്രമീകരിക്കാനും മികച്ച ആഗോള രീതികൾക്ക് വിരുദ്ധമായ അധിക പരിശോധനാ നിബന്ധനകൾ ഒഴിവാക്കാനും നിർദിഷ്ട ഭേദഗതി ലക്ഷ്യമിടുന്നു. ഇന്ത്യൻ ഫാർമക്കോപ്പിയ, ബ്രിട്ടീഷ് ഫാർമക്കോപ്പിയ, യുഎസ് ഫാർമക്കോപ്പിയ, യൂറോപ്യൻ ഫാർമക്കോപ്പിയ എന്നിവയിൽ രക്തദ്രാവകം വേർതിരിക്കുന്നതിനുള്ള മനുഷ്യ പ്ലാസ്മ സംബന്ധിച്ച ഔദ്യോഗിക പഠനക്കുറിപ്പുകൾ പ്രകാരം ശേഖരിച്ച മനുഷ്യ പ്ലാസ്മയ്ക്ക് കർശന പരിശോധനാ ചട്ടങ്ങളാണ് നിർദേശിച്ചിരിക്കുന്നത്.

പ്ലാസ്മയുടെ ആദ്യ ഏകീകൃത ശേഖരം ഹെപ്പറ്റൈറ്റിസ് ബി സർഫസ് ആന്റിജൻ , ഹെപ്പറ്റൈറ്റിസ് സി വൈറസ് ആർഎൻഎ, എച്ച്ഐവി ആന്റിബോഡികൾ എന്നിവയ്ക്കായി നിർബന്ധമായും പരിശോധിക്കണം.

രക്തദ്രാവകം വേർതിരിക്കുന്ന പ്രക്രിയയ്ക്ക് അനുമതി നൽകുന്നതിന് മുൻപ് ശേഖരിച്ച പ്ലാസ്മയിൽ ഈ വൈറസ് ബാധയില്ലെന്ന് പരിശോധനയിൽ ഉറപ്പുവരുത്തണം. സുരക്ഷാ നിബന്ധനകൾ പാലിക്കുന്ന പ്ലാസ്മ ശേഖരങ്ങൾ മാത്രമേ പ്ലാസ്മയിൽ നിന്നുള്ള ഔഷധ ഉൽപ്പന്ന നിർമാണത്തിന് ഉപയോഗിക്കാവൂ. ഇതെല്ലാം നിലനിൽക്കെത്തന്നെ ഇതിനകം പരിശോധന നടത്തി യോഗ്യത നേടിയ പ്ലാസ്മ ശേഖരങ്ങളിൽ നിന്ന് നിർമിച്ച അന്തിമ ഉൽപ്പന്നങ്ങൾ നിലവിലെ നിയന്ത്രണ ചട്ടക്കൂട് പ്രകാരം വീണ്ടും പരിശോധിക്കുന്നുണ്ട്. ഇതുമൂലം, പ്ലാസ്മ ശേഖരിക്കുന്ന ഘട്ടത്തിലും ഉൽപ്പന്നം പൂർത്തിയാകുന്ന ഘട്ടത്തിലും ഒരേ വൈറൽ പരിശോധനകൾ ആവർത്തിക്കേണ്ടി വരുന്നു. ഇത്തരം ഇരട്ട പരിശോധന അന്താരാഷ്ട്ര ചട്ടങ്ങളുമായി പൊരുത്തപ്പെടുന്നതല്ല. രോഗീസുരക്ഷയുടെ ഉയർന്ന നിലവാരം ഉറപ്പാക്കുന്നതിനൊപ്പം പരിശോധനാ നിബന്ധനകൾ ശാസ്ത്രീയമായി യുക്തിസഹമാക്കാനും അന്താരാഷ്ട്രതലത്തിൽ ഏകീകരിക്കാനും ചട്ടങ്ങൾ പാലിക്കുന്നതിലെ അനാവശ്യ ഭാരം കുറയ്ക്കാനും ലക്ഷ്യമിടുന്ന പുരോഗമനപരമായ ചുവടുവെപ്പാണ് നിർദിഷ്ട ഭേദഗതി.

# ‘ബ്ലൂ ഇക്കോണമി’യെ ധീവരസഭ മുന്നിൽ നിന്ന് നയിക്കണം: പ്രധാനമന്ത്രി




**കൊച്ചി:** കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ വളരെ വേഗം മുന്നോട്ട് ചലിപ്പിക്കാൻ ധീവര സമുദായത്തിന് കഴിയുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. അഖില കേരള ധീവരസഭ സുവർണ്ണ ജൂബിലി ആഘോഷം എറണാകുളം മറൈൻ ഡ്രൈവിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സമുദ്ര സമ്പദ്‌വ്യവസ്ഥ ഇന്ത്യയ്ക്ക് മുന്നിൽ വലിയ അവസരങ്ങളാണ് തുറന്നിട്ടിരിക്കുന്നത്. അതിന്റെ ഭാഗമാകാൻ കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് കഴിയണം. മത്സ്യത്തൊഴിലാളികളായ യുവാക്കൾ ഇന്ത്യയുടെ 'ബ്ലൂ ഇക്കോണമി'യെ മുന്നിൽ നിന്ന് നയിക്കണം.

പി.എം. മത്സ്യസമ്പദ യോജന പദ്ധതിയിലൂടെ സംസ്ഥാനത്തിന് 1400 കോടി രൂപയാണ് നീക്കിവെച്ചിരിക്കുന്നത്. മത്സ്യത്തൊഴിലാളി മന്ത്രാലയം മുതൽ ഈ മേഖലയെ ശാക്തീകരിക്കാൻ വിവിധ പദ്ധതികൾ കേന്ദ്രം പ്രഖ്യാപിച്ചിട്ടുണ്ടെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. സങ്കേതിക വിദ്യകൂടി മത്സ്യബന്ധനമേഖലയിൽ എത്തിക്കാൻ കേന്ദ്ര സർക്കാരിന് കഴിഞ്ഞു. ഉപഗ്രഹങ്ങളുടെ സഹായത്തോടെ സുരക്ഷ വർദ്ധിപ്പിച്ചു. കേരളത്തിലെ 7000 മത്സ്യബന്ധന ബോട്ടുകൾക്ക് ഈ സംവിധാനം നൽകിയിട്ടുണ്ട്. 4500 ബോട്ടുകൾ ഈ സങ്കേതികവിദ്യ ഉപയോഗിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. തീരദേശമേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിലാണ് കേന്ദ്ര സർക്കാർ ശ്രദ്ധ നൽകിയിരിക്കുന്നത്. 177 കോടി മുടക്കി കേന്ദ്രം വികസിപ്പിക്കുന്ന മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന് പുറമെ ആറു തുറമുഖങ്ങൾക്കൂടി നവീകരിക്കും 16 ഐസ് പ്ലാന്റുകൾക്കും കേന്ദ്ര സർക്കാർ സഹായം ലഭിച്ചിട്ടുണ്ട്. കേരളത്തിലെ മത്സ്യത്തൊഴിലാളികളെ ചേർത്ത് പിടിച്ചത് കേന്ദ്രത്തിലെ എൻഡിഎ സർക്കാരാണ്. പ്രളയം ഉണ്ടായപ്പോൾ ജീവൻ പണയപ്പെടുത്തി വള്ളങ്ങൾ ഇറക്കി പതിനായിരക്കണക്കിന് പേരെ ജീവിതത്തിലേക്ക് കൈപിടിച്ച് ഉയർത്തിയത് മത്സ്യത്തൊഴിലാളികളാണ്. ഇതിനെയെല്ലാം രാജ്യം എന്നും നന്ദിയോടെ സ്മരിക്കുമെന്നും പ്രധാന മന്ത്രി പറഞ്ഞു. ജനങ്ങളിൽ നിന്ന് അനുഗ്രഹം തേടാനാണ് ഞാൻ എത്തിയിരിക്കുന്നത് അനുഗ്രഹം നൽകാനല്ല. ജനങ്ങളാണ് എന്റെ ഈശ്വരൻ. നിങ്ങളാണെനിക്ക് അനുഗ്രഹം നൽകേണ്ടതെന്നും പ്രധാനമന്ത്രി പറഞ്ഞു. ഭാരതത്തിന്റെ സമുദ്രാതിർത്തികൾ സംരക്ഷിക്കുവാനും രാമജന്മഭൂമി പ്രക്ഷോഭ സമയത്തും ധീവരസമുദായം നൽകിയ പിന്തുണ നിസ്തുലമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. കേരളയെ കേരളം എന്നാക്കിയത് എൻഡിഎ സർക്കാരാണ്. കേരളത്തിന്റെ വർഷങ്ങളായുള്ള ആവശ്യമാണ് കേന്ദ്രം അംഗീകരിച്ചതെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കി. അഖില കേരള ധീവരസഭ സംസ്ഥാന പ്രസിഡന്റ് വാരിജാക്ഷൻ, ജനറൽ സെക്രട്ടറിയും മുൻ എംഎൽഎയുമായ വി. ദിനകരൻ , സീനിയർ വൈസ് പ്രസിഡന്റ് പൂന്തുറ ശ്രീകുമാർ, വൈസ് പ്രസിഡന്റ് വത്സലൻ, സെക്രട്ടറിമാരായ സുഗതൻ, തമ്പി എന്നിവർ പ്രസംഗിച്ചു.

# ദേശീയ സുരക്ഷാ വാരാഘോഷം: വിവിധ പരിപാടികളുമായി കൊച്ചി മെട്രോ




**കൊച്ചി:** ദേശീയ സുരക്ഷാ വാരാഘോഷത്തിന്റെ ഭാഗമായി വിവിധ സുരക്ഷാ ബോധവത്കരണ പരിപാടികൾ കൊച്ചി മെട്രോ സംഘടിപ്പിച്ചു. ജീവനക്കാരിലും കരാർ സ്ഥാപനങ്ങളിലെ തൊഴിലാളികളിലും സുരക്ഷാ സംസ്കാരം ശക്തിപ്പെടുത്തുന്നതിനും ജോലിസ്ഥലങ്ങളിൽ സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നതിന്റെ പ്രാധാന്യം ഓർമ്മപ്പെടുത്തുന്നതിനുമായാണ് പരിപാടികൾ സംഘടിപ്പിച്ചത്. വാരാഘോഷത്തിന്റെ ഭാഗമായി കൊച്ചി മെട്രോയുടെ വിവിധ വിഭാഗങ്ങളിലും കരാർ സ്ഥാപനങ്ങളിലുമായി സുരക്ഷാ പരിശീലന പരിപാടികൾ, ജീവൻ രക്ഷാ പരിശീലനം, ക്വിസ് മത്സരം, ഡ്രോയിംഗ് മത്സരം, രക്തദാന ക്യാമ്പ് തുടങ്ങി നിരവധി പരിപാടികൾ സംഘടിപ്പിച്ചു. ഒരു ആഴ്ച നീണ്ടുനിന്ന പരിപാടികളുടെ സമാപന സമ്മേളനം കെ.എം.ആർ.എൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ ഉദ്ഘാടനം ചെയ്തു. സുരക്ഷാ വാരാഘോഷ പരിപാടികളിൽ ഡയറക്ടർ (പ്രോജക്ട്സ്) ഡോ. എം. പി. രാം നവാസ്, ഡയറക്ടർ (സിസ്റ്റംസ്) സഞ്ജയ് കുമാർ, ചീഫ് ജനറൽ മാനേജർ എ മണികണ്ഠൻ, ജനറൽ മാനേജർ (എച്ച്.ആർ) മിനി ചാബ്ര, ജനറൽ മാനേജർ (സിവിൽ) ജോ പോൾ എന്നിവർ പങ്കെടുത്തു. ദേശീയ സുരക്ഷാ വാരാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച രക്തദാന ക്യാമ്പിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ ചടങ്ങിൽ വിതരണം ചെയ്തു.

## വളം നിർമാണ കേന്ദ്രങ്ങൾക്ക് 70 ശതമാനം പ്രകൃതി വാതകം; സുപ്രധാന തീരുമാനവുമായി കേന്ദ്രം

**ന്യൂഡൽഹി:** വളം നിർമാണ മേഖലയെ ഔദ്യോഗികമായി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി കേന്ദ്രസർക്കാർ 'പ്രകൃതി വാതക (വിതരണ നിയന്ത്രണം) ഉത്തരവ്2026' പുറപ്പെടുവിച്ചു. ആഭ്യന്തര വളം ഉൽപ്പാദനം തടസരഹിതമായി തുടരുന്നുവെന്ന് ഉറപ്പാക്കാൻ വളം നിർമാണ കേന്ദ്രങ്ങളെ പ്രകൃതിവാതക വിതരണത്തിലെ മുൻഗണനാ വിഭാഗം2' എന്ന നിലയിൽ തരംതിരിച്ചു.പുതിയ ഉത്തരവ് പ്രകാരം കഴിഞ്ഞ ആറ് മാസത്തെ ശരാശരി പ്രകൃതിവാതക ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ വളം നിർമാണ കേന്ദ്രങ്ങൾക്ക് കുറഞ്ഞത് 70 ശതമാനം പ്രകൃതിവാതകം ലഭ്യമാക്കും.പശ്ചിമേഷ്യയിലെ നിലവിലെ സംഘർഷങ്ങൾക്കും സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ എൽഎൻജി വിതരണത്തിലാകുന്ന പ്രശ്നങ്ങൾ ഉൾപ്പെടെ ആഗോള വിതരണ ശൃംഖലയിലെ തടസങ്ങളിൽനിന്ന് വളം ഉൽപ്പാദനത്തെ സംരക്ഷിക്കാൻ നടപടി ലക്ഷ്യമിടുന്നു. ആഗോള വാതക പ്രതിസന്ധികൾക്കിടയിലും കാർഷിക പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടുകൊണ്ടുപോകാനും കർഷകർക്ക് കൃത്യസമയത്ത് വളത്തിന്റെ ലഭ്യത ഉറപ്പാക്കാനും ഈ മുൻഗണനാ പദവി സഹായിക്കും. വളം ഉൽപ്പാദനത്തിന് പ്രകൃതിവാതകം ലഭ്യമാക്കാൻ മുൻഗണന നൽകുന്നതിലൂടെ കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റുകയെന്നത് ഏറ്റവും വലിയ മുൻഗണനയിലൊന്നാണെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കി. പശ്ചിമേഷ്യയിലെ രാഷ്ട്രീയ അസ്ഥിരത ഇന്ത്യയിലെ വരാനിരിക്കുന്ന വിത്തുവിതയ്ക്കൽ കാലയളവിനെ ദോഷകരമായി ബാധിക്കില്ലെന്ന് ഉറപ്പാക്കാൻ മുൻകൂർ തയ്യാറെടുപ്പുകൾ ആരംഭിച്ചുകഴിഞ്ഞു. വ്യവസായ പ്രമുഖരെയും പെട്രോളിയം മന്ത്രാലയത്തെയും ഏകോപിപ്പിച്ച് വളം വകുപ്പിൽ ഉന്നതതല യോഗം ചേർന്നു. എല്ലാ വളം നിർമാണ കമ്പനികളിലെയും ഉന്നത ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്ത് വെല്ലുവിളികളും സംബന്ധിച്ച് വിശദമായ റിപ്പോർട്ട് വകുപ്പിന് സമർപ്പിച്ചു.

ഷൂട്ട്@സൈറ്റ്



**അഭിവാദ്യങ്ങൾ...** രാജ്യത്തെ വിവിധ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യാൻ കലൂർ ഇന്റർ നാഷണൽ സ്റ്റേഡിയത്തിൽ എത്തിയ പ്രധാനമന്ത്രി നരേന്ദ്രമോഡി ജനങ്ങളെ അഭിവാദ്യം ചെയ്യുന്നു.

# ജി. സുധാകരൻ വ്യക്തിത്വമുള്ള നേതാവ്; ജെ.എസ്.എസിലേക്ക് സ്വാഗതം: അഡ്വ. എ.എൻ. രാജൻ ബാബു

**കൊച്ചി:** മുതിർന്ന സിപിഎം നേതാവും മുൻ മന്ത്രിയുമായ ജി. സുധാകരനെ ജെ.എസ്.എസിലേക്ക് അഭിമാനത്തോടെ സ്വാഗതം ചെയ്യുന്നതായി ജെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറിയും മുൻ എംഎൽഎയുമായ അഡ്വ. എ. എൻ രാജൻ ബാബു പറഞ്ഞു. കേരളം കണ്ടതിൽ കെ. ആർ ഗൗരമ്മയെപ്പോലെ തന്നെ അഴിമതിയ്ക്കെതിരെ ശക്തമായ നിലപാടെടുത്തിട്ടുള്ള വ്യക്തിയാണ് ജി. സുധാകരൻ. അതു കൊണ്ടു തന്നെ അദ്ദേഹത്തെ ഏറെ അഭിമാനത്തോടെ തന്നെയാണ് ജെ.എസ്.എസിലേക്ക് സ്വാഗതം ചെയ്യുന്നതെന്നും അഡ്വ. രാജൻ ബാബു പറഞ്ഞു. ഗൗരിയമ്മയ്ക്കൊപ്പം ജി. സുധാകരൻ സിപിഎമ്മിൽ പ്രവർത്തിച്ചപ്പോഴും പാർട്ടി നേതൃത്വം ഏകപക്ഷീയമായി ഗൗരിയമ്മയെ പുറത്താക്കിയപ്പോഴും ഗൗരിയമ്മയെ ആദരവോടെ മാത്രമെ ജി. സുധാകരൻ നോക്കിക്കിട്ടുള്ളുവെന്നത് രാഷ്ട്രീയത്തിനപ്പുറമുള്ള ജി. സുധാകരന്റെ വ്യക്തിത്വമാണ് എടുത്തു കാണിക്കുന്നത്. ഗൗരിയമ്മയ്ക്കെതിരെ സിപിഎം ഒരു ഘട്ടത്തിൽ സ്വീകരിച്ച അതേ ശൈലിതന്നയൊണ് ഇപ്പോൾ ജി. സുധാകരനെതിരെയും സ്വീകരിക്കുന്നത്. സിപിഎമ്മിൽ ഇപ്പോൾ കമ്മ്യൂണിസം അല്ല പിണറായിസമാണുള്ളതെന്നും പാർട്ടി വ്യക്തികേന്ദ്രീകൃതമായി മാറിയിരിക്കുകയാണെന്നും അഡ്വ. എ. എൻ രാജൻ ബാബു വ്യക്തമാക്കി. മന്ത്രിയായിരുന്നപ്പോഴും അല്ലാത്തപ്പോഴും ഒരിക്കൽ പോലും തന്റെ മേൽ അഴിമതിയുടെ നിഴൽ പോലും വീഴ്ത്താൻ ജി. സുധാകരൻ അനുവദിച്ചിരുന്നില്ല. പൊതുമരാമത്ത് വകുപ്പ് മന്ത്രിയായിരുന്നപ്പോൾ അദ്ദേഹം വകുപ്പിൽ നടത്തിയ മാറ്റങ്ങളും കേരളത്തിലെ റോഡുകളിൽ കൊണ്ടുവന്ന വികസന പ്രവർത്തനങ്ങളും കണ്ടില്ലെന്ന് നടിക്കാൻ കഴിയില്ലെന്നും അഡ്വ. എ. എൻ രാജൻ ബാബു പറഞ്ഞു. രാഷ്ട്രീയ കേരളത്തിന് ഇനിയും ജി. സുധാകരനെ ആവശ്യമുന്നെും അദ്ദേഹത്തിന് ജെ.എസ്. എസ് എല്ലാവിധ പിന്തുണയും നൽകുമെന്നും അഡ്വ. എ. എൻ രാജൻ ബാബു വ്യക്തമാക്കി.

## സിഎംഎഫ്ആർഐയിൽ നൂതന മത്സ്യകൃഷി രീതികളിൽ പരിശീലനം

**കൊച്ചി:** പ്രധാനമന്ത്രി കിസാൻ പദ്ധതിയുടെ ഭാഗമായി കർഷകർക്കായി നൂതന മത്സ്യകൃഷി രീതികളിൽ പരിശീലനം നാളെ 3.30 മുതൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടക്കും. ബയോഫ്ളോക് കൃഷി, കൂടുമത്സ്യ കൃഷി, പട്ടാഴപ്പുഴുവിനെ ഉപയോഗിച്ചുള്ള മാലിന്യ സംസ്കരണം മത്സ്യത്തീറ്റ നിർമാണം എന്നീ മേഖലകളിൽ പരിശീലനം നൽകും.കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 8921837939.

## അക്ഷയ സംരംഭക തിരഞ്ഞെടുപ്പ്: അവസാന തീയതി നീട്ടി

**കൊച്ചി:** ജില്ലയിലെ വിവിധ കേന്ദ്രങ്ങളിലേക്ക് അക്ഷയ സംരംഭകരെ തിരഞ്ഞെടുക്കുന്നതിനായി അപേക്ഷിക്കാനുള്ള അവസാന തീയതി നീട്ടി. സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക ഓൺലൈൻ സേവനദാതാക്കളായ അക്ഷയ പദ്ധതിയുടെ ഭാഗമായി ജില്ലയിലെ 86 കേന്ദ്രങ്ങളിലേക്കാണ് പുതിയ സംരംഭകരെ തേടുന്നത്. ഇതിൽ 79 എണ്ണം പൊതുവിഭാഗത്തിലും 7 എണ്ണം പട്ടികവർഗ്ഗ വിഭാഗത്തിനുമായാണ് മാറ്റിവെച്ചിരിക്കുന്നത്. പ്ലസ് ടു അല്ലെങ്കിൽ പ്രീഡിഗ്രിയാണ് അപേക്ഷിക്കാനുള്ള അടിസ്ഥാന യോഗ്യത. കമ്പ്യൂട്ടർ പരിജ്ഞാനം ഉള്ളവർക്ക് മുൻഗണന ലഭിക്കും. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് പ്രത്യേക വെയിറ്റേജ് ഉണ്ടായിരിക്കും. 2026 ജനുവരി ഒന്നിന് 18 വയസ്സ് തികഞ്ഞവർക്കും 50 വയസ്സ് കവിയാത്തവർക്കും അപേക്ഷിക്കാം. എല്ലാ വിഭാഗക്കാർക്കും പ്രായപരിധി ബാധകം. താൽപ്പര്യമുള്ളവർക്ക് https://lbsedp.lbscetnre.in/akshaya26/ എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. 750 രൂപയാണ് അപേക്ഷാ ഫീസ്. ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി മാർച്ച് 19. അപേക്ഷാ ഫീസ് അടയ്ക്കാനുള്ള സമയം മാർച്ച് 21 വരെ നീട്ടിയിട്ടുണ്ട്. സംശയങ്ങൾക്ക് എൽ.ബി.എസ് ഹെൽപ്പ് ലൈൻ നമ്പറുകളായ 0471-2560311, 312, 9400923669 (വാട്സാപ്പ്), lbscetnre@gmail.com എന്ന ഈ മെയിലിലോ ബന്ധപ്പെടാം. മറ്റു വിവരങ്ങൾക്ക് അക്ഷയ ജില്ലാ ഓഫീസിന്റെ 0484-2422693 എന്ന നമ്പറിലും https://akshaya.kerala.gov.in/ വെബ്സൈറ്റും സന്ദർശിക്കാവുന്നതാണ്.

## യുജിസി നെറ്റ് പേപ്പർ ഒന്ന് പരിശീലനം: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സർക്കാർ സ്ഥാപനമായ തിരുവനന്തപുരം മുട്ടടയിലുള്ള ഐ.എച്ച്.ആർ.ഡി സെന്റർ ഫോർ അഡ്വാൻസ്ഡ് ടെക്നോളജി ആൻഡ് സ്കിൽസിൽ മാർച്ച് മാസം ആരംഭിക്കുന്ന യുജിസി നെറ്റ് പേപ്പർ 1 പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. ഫോൺ- 8136882389, 9495069307, 8547005087, 0471-2550612.

# കെ.എസ്.എച്ച്.ബി. മറൈൻ എക്കോ സിറ്റി പദ്ധതി ശിലാസ്ഥാപനം ഇന്ന്

**കൊച്ചി:** സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കൊച്ചി മറൈൻ ഡ്രൈവിലുള്ള ഭൂമിയിൽ വിഭാവനം ചെയ്തിട്ടുള്ള മറൈൻ എക്കോ സിറ്റി പദ്ധതി ഒടുവിൽ യാഥാർത്ഥ്യമാകുന്നു. മൂന്നു ഘട്ടങ്ങളിലായി നിർമ്മാണം നടപ്പിലാക്കുന്ന പദ്ധതിയുടെ ശിലാസ്ഥാപനം ഇന്ന് വൈകിട്ട് 4 മണിക്ക് എറണാകുളം ബോൾഗാട്ടി പാലസ് കെടിഡിസി കൺവെൻഷൻ സെന്ററിൽ മന്ത്രി കെ രാജന്റെ അധ്യക്ഷതയിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. മന്ത്രി പി. രാജീവ്, കെ. എൻ. ഉണ്ണികൃഷ്ണൻ എംഎൽഎ, ഹൈബീ ഈഡൻ എംപി, കൊച്ചി മേയർ വി.കെ. മിനിമോൾ, രാജ്യസഭാംഗം പി. പി. സുനീർ.ടി.ജെ. വിനോദ് എംഎൽഎ, തുടങ്ങിയവർ സംബന്ധിക്കും. സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 17.9 ഏക്കർ ഭൂമിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഭവന നിർമ്മാണ ബോർഡിന് സ്വയംപര്യാപ്തത കൈവരിക്കാൻ ഉതകുന്ന വിധത്തിലാണ് ബോർഡിന്റെ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ നിർമ്മാണ പദ്ധതിയായ മറൈൻ എക്കോസിറ്റി യാഥാർത്ഥ്യമാകുന്നത്. 3509 കോടി രൂപ ആകെ നിർമ്മാണ ചിലവ് വരുന്ന പദ്ധതിയുടെ ആദ്യഘട്ട നിർമാണത്തിൽ 3.16 ഏക്കറിൽ 28 നിലകളിലുള്ള വാണിജ്യ ഭവന സമുച്ചയവും 7 നിലകളുള്ള പാക്കിങ് സമുച്ചയവും, രണ്ടാം ഘട്ടത്തിൽ 2.6 ഏക്കറിൽ 2000 പേരെ ഉൾക്കൊള്ളിക്കുവാനുതകുന്ന കൺവെൻഷൻ സെന്ററും, 5 സ്റ്റാർ ഹോട്ടൽ സമുച്ചയവും, മൂന്നാംഘട്ടത്തിൽ 12.14 ഏക്കറിൽ 30 നിലകളിൽ ഉള്ള ആറ് റെസിഡൻഷ്യൽ ടവറുകളുമാണ് നിർമ്മിക്കുക. 27 സെന്റ് സ്ഥലം ജലസംരക്ഷണത്തിനായും 65 സെന്റ് സ്ഥലം ജലാശയം ആയും 50 ശതമാനത്തോളം തുറസ്സായ ഹരിതപ്രദേശങ്ങളായും നൽകികൊണ്ട് പ്രദേശത്തിന്റെ പാരിസ്ഥിതിക സ്വഭാവത്തോട് ചേർന്ന് നിൽക്കുന്ന വിധം സ്ഥാപിക്കുന്ന ഗൃഹ 3 റേറ്റിംഗ് ഉള്ള പദ്ധതി വേറിട്ടതും ഹരിതാഭവുമായ മുഖം പ്രദാനം ചെയ്യുമെന്ന് അധികൃതർ വ്യക്തമാക്കി. ആദ്യം നിർമ്മാണം ആരംഭിക്കുന്ന ഫേസ് ഒന്നിൽ 28 നിലകളുള്ള സമുച്ചയത്തിന്റെ ലോവർ അപ്പർ ഗ്രൗണ്ട് ഫ്ളോറിൽ പാർക്കിംഗ് സൗകര്യവും 13 നിലകൾ വാണിജ്യ ആവശ്യങ്ങൾക്കും, നാലും അഞ്ചു നിലകൾ ഓഫീസ് ആവശ്യങ്ങൾക്കും, ആറാം നിലയിൽ ക്ലബ് ഹൗസും, ഏഴു മുതൽ 26 വരെയുള്ള നിലകളിൽ 160 റെസിഡൻഷ്യൽ ഫ്ളാറ്റുകളും ഉണ്ട്. കൂടാതെ, 7 നിലകളിൽ പാർക്കിങ്ങിനായുള്ള സമുച്ചയും വിഭാവനം ചെയ്തിട്ടുണ്ട്.



# കൂടുതൽ വനിതകളെ വരുമാനമുള്ള ജോലിയിലേക്ക് എത്തിക്കണമെന്ന് പഠനം

**കൊച്ചി:** അടുത്ത 25 വർഷങ്ങളിലായി ഏഴു ശതമാനത്തിലേറെ സുസ്ഥിര വളർച്ച നിലനിർത്തേണ്ടത് വികസിത ഭാരതത്തിലേക്ക് എത്താൻ അനിവാര്യമാണെന്ന് ആക്സിസ് ബാങ്ക് നടത്തിയ പഠനം ചൂണ്ടിക്കാട്ടുന്നു. ഇതിനായി ആകെ ജീവനക്കാരുടെ വരുമാനമുള്ള ജോലിയിലൂടെയുള്ള പങ്കാളിത്തം 47 ശതമാനത്തിൽ നിന്ന് 60 ശതമാനത്തോളമായി ഉയർത്തണം. ഇതു കൈവരിക്കുന്നതിൽ വനിതകളുടെ പങ്കാളിത്തം ഏറെ നിർണായകമാണെന്നും പഠനം ചൂണ്ടിക്കാട്ടുന്നു.

ജി 20 രാഷ്ട്രങ്ങൾക്കിടയിൽ വരുമാനം നേടുന്ന ജോലികളിൽ വനിതാ പങ്കാളിത്തം ഏറ്റവും കുറവുള്ളവയിലാണ് ഇന്ത്യയുടെ സ്ഥാനം. ജോലി ചെയ്യുന്നവരിലാണെങ്കിൽ കൂടുതൽ വനിതകളും കൃഷി, സ്വയം തൊഴിൽ, വേതനമില്ലാത്ത ജോലി തുടങ്ങിയവയിലുമാണ്. വരുമാനം നേടുന്ന ജോലിയുള്ള വനിതകളിൽ 60 ശതമാനത്തോളവും അനൗപചാരിക ധാരണകളുമായയാണ് മുന്നോട്ടു പോകുന്നത്. അവർക്ക് കരാറോ സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങളോ ഇല്ല. വനിതാ ജീവനക്കാരിൽ 61 ശതമാനവും കാർഷിക മേഖലയിലാണ്. വിദ്യാഭ്യാസം നേടിയ 125 ദശലക്ഷം പേർ ജോലിക്കു പുറത്തുമാണ്. വനിതകൾക്ക് തൊഴിലിടങ്ങളിൽ പുതിയ അവസരങ്ങൾ പ്രദാനം ചെയ്യുന്ന രീതിയിൽ തൊഴിൽമേഖല പുനർ രൂപകൽപന ചെയ്യുന്ന സ്ഥാപനങ്ങൾക്കായിരിക്കും അടുത്ത ദശകത്തിൽ വളർച്ചയുണ്ടാകുകയെന്ന് ആക്സിസ് ബാങ്ക് എച്ച്ആർ വിഭാഗം മേധാവിയും ഗ്രൂപ്പ് എക്സിക്യൂട്ടീവുമായ രാജ് കമൽ വെമ്പട്ടി പറഞ്ഞു. രാജ്യത്തെ 42 പട്ടണങ്ങളിലായി വനിതകളും ഇന്ത്യയിലെ വളർച്ചാ വെല്ലുവിളികളും എന്ന പേരിൽ നടത്തിയ സർവ്വേയാണ് ഇതു സംബന്ധിച്ച വിവരങ്ങൾ പുറത്തു വിട്ടത്.

# മെറ്റ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് അമോൽ പലേക്കറിന്



**കൊച്ചി :** മഹീന്ദ്ര എക്സലൻസ് ഇൻ തിയേറ്റർ അവാർഡിന്റെ (മെറ്റ) 21ാം പതിപ്പിൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് വിഖ്യാത നടനും സംവിധായകനും, നാടകരംഗത്തെ പ്രതിഭയുമായ അമോൽ പലേക്കറിന്. ഇന്ത്യൻ നാടകത്തിനും സിനിമയ്ക്കും നൽകിയ അമൂല്യമായ സംഭാവനകൾ മുൻനിർത്തിയാണ് അമോൽ പലേക്കറിന് അവാർഡ് നൽകി ആദരിക്കുന്നത്. മാർച്ച് 25ന് ഡൽഹിയിൽ നടക്കുന്ന മെറ്റയുടെ 21ാമത് പതിപ്പിന്റെ സമാപന ദിവസം അവാർഡ് സമ്മാനിക്കും. മെറ്റയുടെ ചുരുക്കപ്പട്ടികയിൽ കേരളത്തിൽ നിന്നുള്ള 3 നാടകങ്ങൾ സ്ഥാനം നേടിയിരുന്നു. ഇതുൾപ്പടെ 10 നാടകങ്ങൾ മാർച്ച് 9 മുതൽ 25 വരെ ഡൽഹിയിലെ കമാനി ഓഡിറ്റോറിയത്തിലും ശ്രീറാം സെന്റർ ഫോർ പെർഫോമിംഗ് ആർട്സിലുമായി അവതരിപ്പിക്കും. മാർച്ച് 25ന് കമാനി ഓഡിറ്റോറിയത്തിൽ നടക്കുന്ന മെറ്റ അവാർഡ് നൈറ്റോടെ ഫെസ്റ്റിവൽ അവസാനിക്കും.

# 570 കോടി രൂപയുടെ നിക്ഷേപവുമായി ഹൈലൈറ്റ് ഗ്രൂപ്പ്



**കോഴിക്കോട്:** 570 കോടി രൂപയുടെ ആകെ നിക്ഷേപത്തോടെ കോഴിക്കോട് സൈബർപാർക്കിൽ രണ്ട് പ്രധാന ഐടി സമുച്ചയങ്ങൾ നിർമിക്കുമെന്ന് ഹൈലൈറ്റ് ഗ്രൂപ്പ്. കേരള സ്റ്റേറ്റ് ഐടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെയും (കിറ്റ്ഫ്രഫ) സൈബർ പാർക്കിന്റെയും സഹകരണത്തോടെയുള്ള ഈ വികസന പദ്ധതിയിൽ 'ഹൈലൈറ്റ് സൈബർ ടവർ', 'ഹൈലൈറ്റ് സൈബർ ഹബ്' എന്നിവ ഉൾപ്പെടുന്നുവെന്ന് ഹൈലൈറ്റ് ഗ്രൂപ്പ് ചെയർമാൻ പി. സുലൈമാൻ പറഞ്ഞു. ഹൈലൈറ്റ് സൈബർ ഹബ്ബിന്റെ നിർമാണ പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞു. ഹൈലൈറ്റ് സൈബർ ടവറിനായുള്ള ഔദ്യോഗിക കരാറുകൾ കിറ്റ്ഫ്രഫയുമായി കൈമാറിക്കഴിഞ്ഞു. അടുത്ത ഘട്ടമായി ഇതിന്റെ നിർമാണവും തുടങ്ങും. ഗ്രൂപ്പിന്റെ വേൾഡ് ട്രേഡ് സെന്റർ വികസന പദ്ധതിക്കൊപ്പം, ഈ പുതിയ സംരംഭങ്ങളും കേരളത്തിന്റെ വാണിജ്യ, ഐടി അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കു വഹിക്കും. ബഹുരാഷ്ട്ര കമ്പനികൾ, സ്റ്റാർട്ടപ്പുകൾ, ഇന്നവേഷൻ ലാബുകൾ, ഗവേഷണ വികസന കേന്ദ്രങ്ങൾ എന്നിവയ്ക്ക് ലോകോത്തര നിലവാരത്തിലുള്ള സൗകര്യങ്ങൾ ഈ പദ്ധതികളിലൂടെ ലഭ്യമാകും. സൈബർപാർക്കിൽ ഉയരുന്ന ഈ പുതിയ സമുച്ചയങ്ങളിലൂടെ, കേരളത്തെ ഒരു പ്രമുഖ സാങ്കേതിക കേന്ദ്രമാക്കി മാറ്റാനുള്ള സംസ്ഥാനത്തിന്റെ ദൗത്യത്തിനൊപ്പം തങ്ങൾ അടിയുറച്ചു നിൽക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സൈബർപാർക്കിനുള്ളിൽ 2.5 ഏക്കർ സ്ഥലത്താണ് 28 നിലകളുള്ള കൂറ്റൻ ഐടി സമുച്ചയമായ 'ഹൈലൈറ്റ് സൈബർ ടവർ' നിർമിക്കുന്നത്. 9 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഈ പദ്ധതിക്കായി ഏകദേശം 500 കോടി രൂപയാണ് നിക്ഷേപിക്കുന്നത്. ഇതിലൂടെ 10,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനോടൊപ്പം 70 കോടി രൂപയുടെ നിക്ഷേപത്തിൽ 1.56 ലക്ഷം ചതുരശ്ര അടിയിൽ 'ഹൈലൈറ്റ് സൈബർ ഹബ്ബും' സജ്ജമാകുന്നു. ഇതിനോടകം നിർമ്മാണ പ്രവർത്തനം ആരംഭിച്ച ഹൈലൈറ്റ് സൈബർ ഹബ്ബ് വഴി 2,500 പേർക്ക് കൂടി നേരിട്ട് ഐടി മേഖലയിൽ തൊഴിൽ ലഭിക്കും. കോഴിക്കോട്ട് നടന്ന ചടങ്ങിൽ കിറ്റ്ഫ്രഫ പ്രിൻസിപ്പൽ സെക്രട്ടറി ആൻഡ് മാനേജിംഗ് ഡയറക്ടർ ഡോ. സന്തോഷ് ബാബു , കിറ്റ്ഫ്രഫ ജനറൽ മാനേജർ രാഹുൽ എ. രാജ് കെഎഎസ്, ഹൈലൈറ്റ് ഗ്രൂപ്പ് ചെയർമാൻ പി.സുലൈമാൻ, ഹൈലൈറ്റ് ഗ്രൂപ്പ് സിഇഒ അജിൽ മുഹമ്മദ്, ഹൈലൈറ്റ് ബിൽഡേഴ്സ് സിഇഒ മുഹമ്മദ് ഫസീം തുടങ്ങിയവർ പങ്കെടുത്തു.

# പി.വി ശ്രീകാന്ത് മണപ്പുറം ഫിനാൻസ് ഓപറേഷൻസ് മേധാവി




**കൊച്ചി:** വലപ്പാട് മണപ്പുറം ഗ്രൂപ്പിന്റെ ഓപറേഷൻസ് ആന്റ് കസ്റ്റമർ എക്സ്പീരിയൻസ് വിഭാഗം മേധാവിയായി പി. വി ശ്രീകാന്തിനെ നിയമിച്ചു. പ്രസിഡന്റിന്റെ തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീകാന്ത് ഗ്രൂപ്പിന്റെ പ്രവർത്തന കാര്യക്ഷമതയും ഇടപാടുകാരുമായുള്ള ബന്ധവും കൂടുതൽ ഫലപ്രദമാക്കും. ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ മെച്ചപ്പെടുത്താനും അദ്ദേഹത്തിന്റെ സേവനം ഉപയോഗപ്പെടുത്തും. കമ്പനി നടത്തിപ്പിലും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലും ധനകാര്യ സേവന മേഖലയിലും ദീർഘമായ പരിചയ സമ്പത്തുള്ള ശ്രീജിത്തിന്റെ സേവനം ഗ്രൂപ്പിന് മുതൽക്കൂട്ടാകുമെന്ന് മണപ്പുറം ഫിനാൻസ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വി.പി നന്ദകുമാർ പറഞ്ഞു.

## റിപ്പോർട്ട് പുറത്തിറക്കി മേക്ക് മൈ ട്രിപ്പ്

**കൊച്ചി:** ഇന്ത്യയിൽ യാത്രാ പദ്ധതികൾ തയ്യാറാക്കാൻ വോയ്സ് സെർച്ച് കൂടുതൽ പ്രചാരത്തിലാകുന്നുവെന്ന് മേക്ക് മൈ ട്രിപ്പ് പുറത്തിറക്കിയ പുതിയ റിപ്പോർട്ട് വ്യക്തമാക്കുന്നു. കമ്പനിയുടെ ജൻ എഐ ട്രിപ്പ് പ്ലാനിംഗ് അസിസ്റ്റന്റായ മൈറായിൽ നടന്ന ഏകദേശം 20 ലക്ഷം വോയ്സ് സംഭാഷണങ്ങളുടെ വിശകലനത്തിലാണ് ഈ കണ്ടെത്തൽ. ടെക്സ്റ്റ് സെർച്ചുകൾ സാധാരണയായി മൂന്ന് മുതൽ നാല് വാക്കുകളിലായിരിക്കുമ്പോൾ, വോയ്സ് സെർച്ചുകൾ കൂടുതൽ വിശദവും സംഭാഷണ രീതിയിലുമാണ്. ഏകദേശം 23 ശതമാനം വോയ്സ് ചോദ്യങ്ങൾ 11 വാക്കുകളിൽ കൂടുതലാണെന്നും റിപ്പോർട്ട് പറയുന്നു. മലയാളം, തമിഴ്, തെലുങ്ക് തുടങ്ങിയ ഇന്ത്യൻ ഭാഷകളിൽ വോയ്സ് ഉപയോഗം വേഗത്തിൽ ഉയരുന്നുണ്ട്. മൈറാ ഇപ്പോൾ ദിവസേന 50,000ത്തിലധികം സംഭാഷണങ്ങൾ കൈകാര്യം ചെയ്യുന്നു. കൂടാതെ 45 ശതമാനത്തിലധികം ചോദ്യങ്ങളും ടിയർ2 നഗരങ്ങളും ചെറിയ പട്ടണങ്ങളിലുമാണ് നിന്നെത്തുന്നതെന്ന് മേക്ക് മൈ ട്രിപ്പ് അധികൃതർ അറിയിച്ചു.

# ഫോൺപേ 'ഓൺദിഗോ' കാർഡ് അവതരിപ്പിച്ചു




**കൊച്ചി:** ഡിജിറ്റൽ പേയ്മെന്റ് പ്ലാറ്റ്ഫോമായ ഫോൺപേ 'റുപേ ഓൺദിഗോ' കാർഡ് എന്ന നാഷണൽ കോമൺ മൊബിലിറ്റി കാർഡ് അവതരിപ്പിച്ചു. രാജ്യത്തിന്റെ 'വൺ നേഷൻ വൺ കാർഡ്' പദ്ധതിയിലേക്ക് ഒരു പ്രധാന ചുവടുവെപ്പായാണ് ഈ നീക്കം. മെട്രോ, ബസ്, ട്രെയിൻ, ടോൾ, പാർക്കിംഗ് എന്നിവ ഉൾപ്പെടെയുള്ള എൻ സിഎംസി സൗകര്യമുള്ള ഗതാഗത സേവനങ്ങളിൽ ഒരൊറ്റ ടാപ്പിലൂടെ പണമടയ്ക്കാൻ ഈ കാർഡ് സഹായിക്കുമെന്ന് അധികൃതർ വ്യക്തമാക്കി. പ്രീപെയ്ഡ് സ്റ്റോർഡ്വാല്യു മോഡലിലാണ് കാർഡ് പ്രവർത്തിക്കുന്നത്, അതിനാൽ ഇന്റർനെറ്റ് ഇല്ലാതെയും ഓഫ്ലൈൻ കോൺടാക്റ്റ്ലെസ് പേയ്മെന്റുകൾ നടത്താം. കാർഡിൽ പരമാവധി 2000 വരെ ലോഡ് ചെയ്യാം. ഓഫ്ലൈൻ ഇടപാടുകൾക്ക് 500 വരെ പരിധിയുണ്ട്. യാത്രക്കാരുടെ ദൈനംദിന യാത്ര കൂടുതൽ ലളിതമാക്കുകയാണ് ലക്ഷ്യം.

# ബിഒബി വിമൻ സഫയർ സേവിംഗ്സ് അക്കൗണ്ട് അവതരിപ്പിച്ച് ബാങ്ക് ഓഫ് ബറോഡ

**കൊച്ചി:** സ്ത്രീകൾക്ക് മാത്രമായി പ്രീമിയം സേവിംഗ്സ് അക്കൗണ്ടായ ബിഒബി വിമൻ സഫയർ അവതരിപ്പിച്ച് ബാങ്ക് ഓഫ് ബറോഡ. 10 ലക്ഷം രൂപയുടെ കാൻസർ പരിരക്ഷാ പ്ലാൻ, കുടുംബത്തിലെ ആറ് അംഗങ്ങൾ വരെ ഉൾപ്പെടുന്ന സൗജന്യ ഓൺലൈൻ ഡോക്ടർ കൺസൾട്ടേഷനുകൾ, മരുന്നുകൾക്കും പതോളജി പരിശോധനകൾക്കുമുള്ള ഇളവുകൾ തുടങ്ങി നിരവധി ആരോഗ്യക്ഷേമ ആനുകൂല്യങ്ങളും ഇതിലൂടെ ലഭിക്കുമെന്ന് ബാങ്ക് ഓഫ് ബറോഡയുടെ മാനേജിംഗ് ഡയറക്ടറും സി.ഇ.ഒയുമായ ഡോ. ദേബദത്ത ചന്ദ് പറഞ്ഞു. മികച്ച ബാങ്കിംഗ് ആന്റ് ലൈഫ്സ്റ്റൈൽ ആനുകൂല്യങ്ങളും ഈ അക്കൗണ്ട് നൽകും. ഇതിനോടൊപ്പമുള്ള ബിഒബി ഭൂമി റുപേ സെലക്ട് ഡെബിറ്റ് കാർഡ് വഴി ആഭ്യന്തര വിമാനത്താവളങ്ങളിലെ ലോഞ്ച് സൗകര്യം, സൗജന്യ ജിം മെമ്പർഷിപ്പ്, ഹെൽത്ത് ചെക്കപ്പ്, സ്പാ, സലൂൺ സെഷനുകൾ, ഒടിടി സബ്സ്ക്രിപ്ഷനുകൾ തുടങ്ങിയവ ലഭിക്കും. കൂടാതെ സ്ത്രീകൾക്ക് പ്രത്യേകമായുള്ള ബിഒബികാർഡ് ടിയാര ക്രെഡിറ്റ് കാർഡിന്റെ' ആദ്യ വർഷ ഫീസിൽ 50 ശതമാനം ഇളവ് റിവാർഡ് പോയിന്റുകളായി നൽകും. ബിഒബി വിമൻ സഫയർ സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് മറ്റ് നിരവധി ബാങ്കിംഗ് ആനുകൂല്യങ്ങൾക്കൊപ്പം ലോക്കർ ചാർജുകളിൽ പ്രത്യേക ഇളവും ഹോം ലോൺ പ്രോസസ്സിംഗ് ചാർജിൽ 50 ശതമാനം കിഴിവും ലഭിക്കും.

## ഇൻഡെൽ മണിക്ക് റേറ്റിംഗ്

**കൊച്ചി:** സ്വർണ്ണ വായ്പാ രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖ നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനിയായ ഇൻഡെൽ മണിക്ക് 'ഇൻഡ് എ മൈനസ്' റേറ്റിംഗ് ലഭിച്ചതായി ഇൻഡെൽ മണി എക്സിക്യൂട്ടീവ് ഡയറക്ടറും സിഇഒയുമായ ഉമേഷ് മോഹനൻ പറഞ്ഞു. ഇൻഡെൽ മണിയുടെ 300 കോടി രൂപയുടെ മാറ്റാനാവാത്ത കടപ്പത്രങ്ങൾക്കും (എൻസിഡി), 100 കോടി രൂപയുടെ ബാങ്ക് വായ്പാ സൗകര്യങ്ങൾക്കുമാണ് റേറ്റിംഗ് ഏജൻസിയായ ഇന്ത്യ റേറ്റിംഗ്സ് ആന്റ് റിസേർച്ച് മികച്ച റേറ്റിംഗ് നൽകിയത്. ആവശ്യമായ മൂലധനത്തിന്റേയും പരിചയ സമ്പന്നരായ മാനേജ്മെന്റിന്റേയും പിന്തുണയോടെ ഇൻഡെൽ മണി സുസ്ഥിര വളർച്ചയും, ശക്തമായ ലാഭവും, മെച്ചപ്പെട്ട ആസ്തി ഗുണ നിലവാരവും, വർധിച്ച പ്രവർത്തന ക്ഷമതയും കൈവരിച്ചതാണ് റേറ്റിംഗ് മെച്ചപ്പെടാൻ കാരണമെന്ന് ഇന്ത്യാ റേറ്റിംഗ്സ് അധികൃതർ അറിയിച്ചു.

# ബിൽ പേയ്മെന്റും റീചാർജും എളുപ്പമാക്കി കെഫോൺ

**തിരുവനന്തപുരം:** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായി സഹകരിച്ച് ഭാരത് ബിൽ പേയ്മെന്റ് സിസ്റ്റത്തിൽ സേവനങ്ങൾ ഏകീകരിച്ച് കേരള ഫൈബർ ഓപ്റ്റിക് നെറ്റ്‌വർക്ക് (കെഫോൺ). പ്രിൻസിപ്പൽ സെക്രട്ടറിയും കെഫോൺ മാനേജിങ് ഡയറക്ടറുമായ ഡോ. സന്തോഷ് ബാബു, എസ്ബിഐയുടെയും കെഫോണിന്റെയും മുതിർന്ന ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ബിബിപിഎസ് ഏകീകരണം ഉദ്ഘാടനം ചെയ്തു. ഈ സഹകരണത്തോടെ ബിബിപിഎസ് അംഗീകൃത പ്ലാറ്റ്ഫോമുകളായ ഗൂഗിൾ പേ, ഫോൺപേ, ഭീം, ക്രെഡ് തുടങ്ങിയ ആപ്പുകൾ വഴി ഉപഭോക്താക്കൾക്ക് ബിൽ പേയ്മെന്റുകളും റീചാർജുകളും എളുപ്പത്തിൽ നടത്താൻ സാധിക്കും. ബില്ലിംഗും റീചാർജും എളുപ്പമാക്കുന്നതോടൊപ്പം കൂടുതൽ സുഗമവും സുതാര്യവുമായ പേയ്മെന്റ് അനുഭവം ഉപഭോക്താക്കൾക്ക് നൽകുകയാണ് ലക്ഷ്യമെന്ന് കെഫോൺ മാനേജിങ് ഡയറക്ടർ ഡോ. സന്തോഷ് ബാബു പറഞ്ഞു. ഡിജിറ്റൽ സേവനങ്ങൾ കൂടുതൽ സുഗമമായി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള കെഫോണിന്റെ ശ്രമങ്ങളുടെ ഭാഗമാണ് ഈ സംവിധാനമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സുരക്ഷിതവും വിശ്വസനീയവുമായ ഡിജിറ്റൽ പേയ്മെന്റ് ഓപ്ഷനുകൾ ലഭ്യമാക്കി ഉപഭോക്തൃ സൗകര്യം കൂടുതൽ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് കെഫോൺ ഈ ഏകീകൃത പേയ്മെന്റ് സംവിധാനം ആരംഭിച്ചിരിക്കുന്നത്. ഈ പ്ലാറ്റ്ഫോമുകളിലൂടെ കെഫോൺ സേവനങ്ങൾ ലഭ്യമാകുന്നതിനാൽ ഇന്റർനെറ്റ് റീചാർജ്, ഒ.ടി.ടി റീചാർജ് തുടങ്ങിയ ഇടപാടുകൾ കൂടുതൽ വേഗത്തിലും ലളിതമായും പൂർത്തിയാക്കാൻ ഉപയോക്താക്കൾക്ക് സാധിക്കും.




## ഫ്ളിപ്പ് കാർട്ടുമായി കൈകോർത്ത് എച്ച്.എം.ഡി

**കൊച്ചി:** ഹ്യൂമൻ മൊബൈൽ ഡിവൈസസ് (എച്ച്.എം.ഡി) ഫ്ളിപ്പ് കാർട്ടുമായി ചേർന്ന് എച്ച്.എം.ഡി. സ്മാർട്ട് ഫോണുകളുടെ പുതിയ നിര പുറത്തിറക്കുന്നു. എ.ഐ. സാങ്കേതിക വിദ്യ, മികച്ച ഡിസൈൻ, ഉയർന്ന നിർമാണ നിലവാരം, എളുപ്പത്തിലുള്ള റിപ്പയർ സൗകര്യം എന്നിവയിലൂന്നി ഇന്ത്യയിൽ എച്ച്എംഡിയുടെ സാന്നിധ്യം ശക്തിപ്പെടുത്തുകയാണ്. ഇന്ത്യൻ ഉപഭോക്താക്കൾക്കിടയിൽ ഫ്ളിപ്പ്കാർട്ടിനുള്ള ശക്തമായ സ്വാധീനവും മികച്ച സപ്ലൈ ചെയിൻ സംവിധാനവും ഉപയോഗപ്പെടുത്തി പുതിയ എച്ച്.എം.ഡി. സ്മാർട്ട്ഫോണുകൾ മെട്രോ നഗരങ്ങളിലും രാജ്യത്തെ ഇതര വിപണികളിലും കൂടുതൽ സുലഭമാക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. 10,000 മുതൽ 20,000 രൂപ വരെയുള്ള ശ്രേണിയിലാണ് പുതിയ ഫോണുകൾ അവതരിപ്പിക്കുന്നത്. പുതിയ ശ്രേണിയിലെ ആദ്യ ഫോണുകൾ അടുത്ത മാസം വിപണിയിൽ എത്തിക്കും. തുടർന്ന് ഘട്ടംഘട്ടമായി ബാക്കിയുള്ള മോഡലുകളും വിപണിയിൽ അവതരിപ്പിക്കും. ഫോണിന്റെ സവിശേഷതകൾ, വില, ലഭ്യത തുടങ്ങിയ വിവരങ്ങൾ ലോഞ്ചിന് മുന്നോടിയായി പ്രഖ്യാപിക്കും. പ്രധാന ഇ കൊമേഴ്സ് പങ്കാളിയായ ഫൽപ്കാർട്ടിന് പുറമെ മറ്റ് പ്രധാന ഓൺലൈൻ, റീട്ടെയിൽ സ്റ്റോറുകളിലും എച്ച്.എം.ഡി. ഫോണുകൾ ലഭിക്കും.

### വാർഡൻ നിയമനം

**കൊച്ചി:** കേരള സംസ്ഥാന വനിത വികസന കോർപ്പറേഷന്റെ കീഴിൽ തൃശൂരിൽ പ്രവർത്തിക്കുന്ന വനിതാ ഹോസ്റ്റലിലേക്ക് വാർഡൻ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. പത്താം ക്ലാസ് പാസായവർക്കും കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തി പരിചയമുള്ളവർക്കും അപേക്ഷിക്കാം. പ്രായപരിധി 25നും 45 നും മധ്യേ. താൽപ്പര്യമുള്ളവർ നാളെ 10.30ന് എറണാകുളം മേഖല ഓഫീസിൽ (മാവേലി റോഡ്, ഗാന്ധിനഗർ, കടവന്ത്ര) നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം.

## മജസ്റ്ററിനായി പ്രത്യേക ഓണർഷിപ്പ് പ്രോഗ്രാം പ്രഖ്യാപിച്ച് എം.ജി മോട്ടോർ

**കൊച്ചി:** ഇന്ത്യയിലെ ആദ്യ ഡിപ്ലസ് എസ്.യു.വിയായ എംജി മജസ്റ്ററിന്റെ ഉപഭോക്താക്കൾക്കായി 555 ഓണർഷിപ്പ് പ്രോഗ്രാം അവതരിപ്പിച്ച് ജെ.എസ്.ഡബ്ല്യൂ എം.ജി മോട്ടോർ ഇന്ത്യ. പദ്ധതിയിലൂടെ അഞ്ച് വർഷത്തെ അൺലിമിറ്റഡ് കിലോമീറ്റർ വാറന്റി, അഞ്ച് വർഷത്തെ സൗജന്യ റോഡ്സൈഡ് അസിസ്റ്റൻസ്, അഞ്ച് ലേബർ ഫ്രീ സർവീസുകൾ എന്നിവ ഉപഭോക്താക്കൾക്ക് ലഭിക്കും. വാഹന ഉപഭോക്താവിനുള്ള ചെലവുകൾ പരമാവധി കുറയ്ക്കാനും ഉപഭോക്താക്കൾക്ക് കൂടുതൽ ആത്മവിശ്വാസം നൽകാനുമാണ് ഈ സംരംഭത്തിലൂടെ കമ്പനി ലക്ഷ്യമിടുന്നതെന്ന് ജെഎസ്ഡബ്ല്യു എംജി മോട്ടോർ ഇന്ത്യ ചീഫ് കൊമേഴ്സ്യൽ ഓഫീസർ വിനയ് റൈന പറഞ്ഞു. കിലോമീറ്റർ പരിധിയില്ലാതെയാണ് വാഹനത്തിൽ വാറണ്ടി ലഭ്യമാക്കിയിരിക്കുന്നത്. അഞ്ച് വർഷം മുഴുവൻ രാജ്യവ്യാപക ബ്രേക്ക്ഡൗൺ സഹായം ലഭിക്കും. കൂടാതെ സർവീസ് ചെലവും ഗണ്യമായി കുറയും. കൂടുതൽ കിലോമീറ്റർ യാത്ര ചെയ്യുന്നവർക്കും ദീർഘദൂര യാത്രക്കാർക്കും ഓഫ്റോഡ് ആസ്വാദകർക്കും ഓഫർ ഏറെ പ്രയോജനകരമാണ്. വാഹനത്തിന്റെ ഉടമസ്ഥതയ്ക്ക് പൂർണ മനഃസമാധാനം ഉറപ്പുവരുന്നതുന്നതിന് പ്രത്യേകമായി രൂപകൽപന ചെയത് ഈ ഓഫർ ഉപഭോക്താക്കൾക്ക് ഏറെ പ്രയോജനകരമാണെന്നും വിനയ് റൈന പറഞ്ഞു. എംജി മജസ്റ്ററിന്റെ പ്രീ റിസർവേഷനുകൾ 41,000 രൂപയ്ക്ക് ആരംഭിച്ചു കഴിഞ്ഞു. ഏപ്രിലിൽ ഷോറൂം പ്രദർശനങ്ങളും ടെസ്റ്റ് ഡ്രൈവുകളും ആരംഭിക്കാനാണ് കമ്പനി തീരുമാനിച്ചിരിക്കുന്നത്. മെയ് മാസത്തോടെ വിപണിയിൽ ലഭ്യമാകും.



## കൊച്ചിൻ ഡ്യൂട്ടീഫ്രീ’:വിജയികൾക്ക് പ്രീമിയം കാറുകൾ കൈമാറി

**കൊച്ചി:** കൊച്ചിൻ ഡ്യൂട്ടി ഫ്രീ ’ഡ്രൈവ് വേ കാർണിവൽ’ വിജയികൾക്ക് സമ്മാനങ്ങൾ കൈമാറി. 2025 സെപ്റ്റംബർ മുതൽ നവംബർ വരെ നടന്ന ക്യാമ്പയിനിലെ വിജയികൾക്കാണ് പ്രീമിയം ഇലക്ട്രിക് എസ്‌യുവികൾ സമ്മാനമായി നൽകിയത്.

സൂരജ് തച്ചോത്ത് ഒന്നാം സമ്മാനമായ മഹീന്ദ്ര എക്സ്ഇവി 9ഇ സ്വന്തമാക്കിയപ്പോൾ, അരുൺലാൽ സുശീലൻ രണ്ടാം സമ്മാനമായ മഹീന്ദ്ര ബി ഇ 6ന് അർഹനായി. കൊച്ചിൻ ഡ്യൂട്ടി ഫ്രീയിൽ നടന്ന ചടങ്ങിൽ സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ്, കസ്റ്റംസ് ഓഫീസർ മായ ചന്ദ്രൻ എന്നിവർ വിജയികൾക്ക് വാഹനങ്ങളുടെ താക്കോൽ കൈമാറി.




സിയാൽ ഡ്യൂട്ടി ഫ്രീ ആൻഡ് റീട്ടെയിൽ സർവീസസ് ലിമിറ്റഡ് (സിഡിആർഎസ്എൽ) മാനേജിങ് ഡയറക്ടർ സജി കെ. ജോർജ്, സിഡിആർഎസ്എൽ ഡയറക്ടർമാർ, മുതിർന്ന ഉദ്യോഗസ്ഥർ, ആൽഫ ക്രിയോൾ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, മഹീന്ദ്ര ഇലക്ട്രിക് ഓട്ടോമൊബൈൽ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

മഹീന്ദ്ര ഇലക്ട്രിക് ഓട്ടോമൊബൈൽ ലിമിറ്റഡുമായി സഹകരിച്ചാണ് പ്രീമിയം ഇലക്ട്രിക് എസ്‌യുവികൾ സമ്മാനമായി നൽകിയത്.

## ആക്സിസ് ബാങ്ക് സ്പ്ലാഷ് 2025: വിജയികളെ പ്രഖ്യാപിച്ചു

**കൊച്ചി:** ആക്സിസ് ബാങ്ക് 7 മുതൽ 14 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്കായി നടത്തിയ ദേശീയ കല, കരകൗശല, സാഹിത്യ മത്സരത്തിന്റെ 13ാമത് പതിപ്പായ സ്പ്ലാഷ് 2025 ലെ വിജയികളെ പ്രഖ്യാപിച്ചു. വിജയികൾക്കും രണ്ടാം സ്ഥാനം നേടിയവർക്കും യഥാക്രമം ഒരു ലക്ഷം, 50,000 രൂപ എന്നിങ്ങനെ സമ്മാനമായി ലഭിക്കും. വിജയികളുടെ കലാസൃഷ്ടികൾ ബംഗളൂരുവിലെ മ്യൂസിയം ഓഫ് ആർട്ട് ആൻഡ് ഫോട്ടോഗ്രാഫിയിൽ പ്രദർശിപ്പിക്കും. കൂടാതെ യോഗ്യത നേടുന്ന മികച്ച 400 പേർക്ക് ഇക്സിഗോ, അമേരിക്കൻ ടൂറിസ്റ്റർ എന്നിവയുൾപ്പെടെയുള്ള പാർട്ണർ ബ്രാൻഡുകളിൽ നിന്നുള്ള സമ്മാനങ്ങളും വൗച്ചറുകളും ലഭിക്കും. ഇന്ത്യയിലുടനീളം 7 ലക്ഷത്തോളം എൻട്രികളാണ് ഈ വർഷത്തെ സ്പ്ലാഷ് പതിപ്പിന് ലഭിച്ചത്. 1,900ലധികം സ്കൂളുകളിലും രാജ്യവ്യാപകമായി 5,500ലധികം ആക്സിസ് ബാങ്ക് ശാഖകളിലൂടെ പങ്കാളിത്തം നേടുകയും ചെയ്തു.

### ഐ.എച്ച്.ആർ.ഡി : സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** സർക്കാർ സ്ഥാപനമായ തിരുവനന്തപുരം മുട്ടടയിലുള്ള ഐ.എച്ച്.ആർ.ഡി സെന്റർ ഫോർ അഡ്വാൻസ്ഡ് ടെക്നോളജി ആൻഡ് സ്കിൽസിൽ ജനുവരിയിൽ ആരംഭിച്ച വിവിധ കമ്പ്യൂട്ടർ കോഴ്സുകളിലേക്ക് സ്പോട്ട് അഡ്മിഷൻ ആരംഭിച്ചു. പി.ജി.ഡി.സി.എ (ഒരു വർഷം), ഡി.സി.എ (6 മാസം), ഡിപ്ലോമ ഇൻ ഡാറ്റാ എൻട്രി ടെക്നിക്സ് ആൻഡ് ഓഫീസ് ഓട്ടോമേഷൻ (ഒരു വർഷം), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി സയൻസ് (6 മാസം) എന്നീ കോഴ്സുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. ബിരുദം, പ്ലസ് ടു, എസ്.എസ്.എൽ.സി എന്നിവയാണ് അടിസ്ഥാന യോഗ്യതകൾ. എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗക്കാർക്ക് സർക്കാർ നിയമപ്രകാരം ഫീസ് സൗജന്യമായിരിക്കും. താൽപ്പര്യമുള്ളവർ നേരിട്ടോ അല്ലെങ്കിൽ 9495069307, 8547005087, 9400519491, 0471-2550612 എന്നീ നമ്പറുകളിലോ ബന്ധപ്പെടേണ്ടതാണ്.

# സ്കൂൾ വിദ്യാർഥികളിൽ മൊബൈൽ ഫോൺ ഉപയോഗം വർധിക്കുന്നു; പഠന ഏകാഗ്രതയും ശ്രദ്ധയും കുറയുന്നു



**കൊച്ചി:** സ്കൂൾ വിദ്യാർത്ഥികളിൽ 74 ശതമാനം 2 മണിക്കൂറിലേറെ പഠനത്തില്ലാതെ സ്ക്രീൻ ഉപയോഗിക്കുന്നതായും വിദ്യാർത്ഥികളിൽ പഠന ഏകാഗ്രതയും ക്ലാസ്റൂം ശ്രദ്ധയും കുറയുന്ന പ്രവണത കാണപ്പെടുന്നതായും പഠന റിപ്പോർട്ട്. സി.ബി.എസ്.ഇ സ്കൂളുകളുടെ മാനേജ്മെന്റുകളും പ്രിൻസിപ്പൽമാരും രൂപീകരിച്ച നാഷണൽ കൗൺസിൽ ഓഫ് സി.ബി.എസ്.ഇ സ്കൂൾസ് (എൻ.സി.സി.എസ്) നടത്തിയ വിദ്യാർത്ഥികളിലെ അതിരുകടന്ന സ്ക്രീൻ ഉപയോഗവും ഡിജിറ്റൽ ആശ്രിതത്വവും സംബന്ധിച്ച പഠനത്തിലാണ് കണ്ടെത്തലുകൾ. രാജ്യത്തെ സ്കൂൾ വിദ്യാർത്ഥികളിൽ 74 ശതമാനം പഠന, അക്കാഡമിക് ആവശ്യങ്ങൾക്കല്ലാതെ ദിവസവും രണ്ട് മണിക്കൂറിൽ കൂടുതൽ സമയം സ്ക്രീനുകളിൽ ചെലവഴിക്കുന്നതായി പഠനത്തിൽ കണ്ടെത്തി. അതിൽ 21 ശതമാനം നാല് മണിക്കൂറിൽ കൂടുതൽ മൊബൈൽ ഫോൺ, ഗെയിമിംഗ് പ്ലാറ്റ്ഫോമുകൾ, സാമൂഹിക മാദ്ധ്യമങ്ങൾ എന്നിവയിൽ ചെലവഴിക്കുന്നതായും കണ്ടെത്തി. പഠനത്തിൽ പങ്കെടുത്ത 69 ശതമാനം അദ്ധ്യാപകരും സ്കൂൾ നേതാക്കളും വിദ്യാർത്ഥികളിൽ പഠന ഏകാഗ്രതയും ക്ലാസ്റൂം ശ്രദ്ധയും കുറയുന്ന പ്രവണത കാണപ്പെടുന്നതായി വ്യക്തമാക്കി. 63 ശതമാനം വിദ്യാർത്ഥികളിൽ അസഹിഷ്ണുത, ആശങ്ക, മാനസിക സമ്മർദ്ദം, സാമൂഹിക പിന്മാറ്റം തുടങ്ങിയ പെരുമാറ്റങ്ങൾ വർദ്ധിച്ചു. വിദ്യാർത്ഥികളുടെ ഔട്ട്ഡോർ കായികപ്രവർത്തനങ്ങളിലും നേരിട്ടുള്ള സാമൂഹിക ഇടപെടലുകളിലും കുറവ് സംഭവിക്കുന്നതായി 66 ശതമാനം പേർ ചൂണ്ടിക്കാട്ടി. 18 വയസിൽ താഴെയുള്ളവരുടെ നിയന്ത്രണമില്ലാത്ത ഡിജിറ്റൽ ഉപയോഗം പരിമിതപ്പെടുത്താൻ ദേശീയ മാർഗനിർദ്ദേശങ്ങൾ ആവശ്യമാണെന്ന് അധ്യാപകർ വ്യക്തമാക്കി. ദേശീയ സർവേയിൽ പങ്കെടുത്ത 6,30,000 പേരുടെ പ്രതികരണങ്ങൾ വിലയിരുത്തിയാണ് റിപ്പോർട്ട് തയ്യാറാക്കിയതെന്ന് നാഷണൽ കൗൺസിൽ ഓഫ് സി.ബി.എസ്.ഇ സ്കൂൾസ് സെക്രട്ടറി ജനറൽ ഡോ. ഇന്ദിര രാജൻ അറിയിച്ചു. വിദ്യാർത്ഥികളുടെ മാനസികാരോഗ്യം, പഠന ഏകാഗ്രത, സമഗ്ര വ്യക്തിത്വ വികസനം എന്നിവ സംരക്ഷിക്കുന്നതിന് ഘട്ടംഘട്ടമായി നടപ്പിലാക്കാവുന്ന ചില ദേശീയ നിർദേശങ്ങളും നയപരമായ ശുപാർശകളും എൻ.സി.സി.എസ് സർക്കാരിന്ന് സമർപ്പിച്ചു. സ്കൂളുകളിൽ നിയന്ത്രിതമായ ഡിജിറ്റൽ ഉപയോഗം, ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ ശക്തമായ പ്രായപരിശോധന സംവിധാനം, രക്ഷിതാക്കളുടെ മേൽനോട്ട സംവിധാനം എന്നിവ ഒരുക്കണം. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ദേശീയ ബാല ഡിജിറ്റൽ സുരക്ഷാ ചട്ടക്കൂട് രൂപീകരിക്കണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

റിപ്പോർട്ടും ശുപാർശകളും പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് ഡോ. ഇന്ദിര രാജൻ അറിയിച്ചു. രാജ്യത്തുടനീളം സ്കൂൾ അധികൃതരും അദ്ധ്യാപകരും പ്രകടിപ്പിച്ച ആശങ്കകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ഏകോപിത ഫീഡ്ബാക്ക് റിപ്പോർട്ടിനൊപ്പം, 18 വയസിന് താഴെയുള്ള കുട്ടികൾക്കായി സമതുലിതമായ നിയന്ത്രണങ്ങളും ശക്തമായ ഡിജിറ്റൽ സുരക്ഷാ സംവിധാനങ്ങളും രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ഉൾപ്പെടുത്തി ദേശീയ നിർദേശ ചട്ടക്കൂടും സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം, മുഴുവൻ സംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിമാർ, വിദ്യാഭ്യാസ മന്ത്രിമാർ, സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എഡ്യൂക്കേഷൻ (സി.ബി.എസ്.ഇ) ചെയർമാൻ എന്നിവർക്കും റിപ്പോർട്ട് കൈമാറിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ ക്ഷേമവും സുരക്ഷയും ആരോഗ്യകരമായ വളർച്ചയും ഉറപ്പാക്കുന്നതിനായി ആവശ്യമായ നയപരമായ നടപടികൾ രൂപീകരിക്കണമെന്ന് അധികൃതരോട് അഭ്യർത്ഥിച്ചതായും ഡോ. ഇന്ദിര രാജൻ അറിയിച്ചു.

# ഇന്ത്യയുടെ ആത്മാവ് തൊട്ടറിയാവുന്ന കലാസൃഷ്ടികളുമായി 92 കാരനായ ജ്യോതി ഭട്ട് കൊച്ചി ബിനാലെയിൽ



**കൊച്ചി:** മട്ടാഞ്ചേരിയിലെ ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സിലുള്ള 'സ്പേസി'ൽ പ്രദർശിപ്പിച്ചിരിക്കുന്ന കലാകാരൻ ജ്യോതി ഭട്ടിന്റെ കലാസൃഷ്ടികൾ പാരമ്പര്യത്തെയും ആധുനികതയെയും ബന്ധിപ്പിക്കുന്നതാണ്. ഏഴ് പതിറ്റാണ്ടോളം നീണ്ട കലാജീവിതത്തിലെ പ്രധാന സൃഷ്ടികളാണ് കൊച്ചി മുസിരിസ് ബിനാലെയുടെ ഭാഗമായി പ്രദർശിപ്പിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ 92-ാം ജന്മദിനം കൂടിയാണ് ഇന്ന് 'പെയിന്റിംഗ്, പ്രിന്റ് മേക്കിംഗ്, ഫോട്ടോഗ്രാഫി എന്നീ മേഖലകളിൽ തന്റേതായ ശൈലി രൂപപ്പെടുത്തിയ ഭട്ട്, ഗ്രാമീണ ഇന്ത്യൻ സംസ്കാരത്തെ ഫോട്ടോഗ്രാഫുകളിലൂടെ രേഖപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. 1950 മുതൽ 2023 വരെയുള്ള കാലയളവിലെ അദ്ദേഹത്തിന്റെ തെരഞ്ഞെടുത്ത 42 സൃഷ്ടികളാണ് പ്രദർശനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ബറോഡ എം.എസ്. സർവകലാശാലയിലെ പഠനത്തിന് ശേഷം ഇറ്റലിയിലും ന്യൂയോർക്കിലും ഉപരിപഠനം നടത്തിയ ജ്യോതി ഭട്ട് ക്യൂബിസവും പോപ്പ് ആർട്ടും ഇന്ത്യൻ നാടൻ കലാരൂപങ്ങളുമായി സമന്വയിപ്പിച്ചു. 1967 മുതൽ 1995 വരെയുള്ള കാലയളവിൽ ഗുജറാത്ത്, രാജസ്ഥാൻ, ഹരിയാന, ഒഡീഷ തുടങ്ങിയ സംസ്ഥാനങ്ങളിലെ ഗ്രാമീണ ആചാരങ്ങളും അന്യംനിന്നുപോകുന്ന കലകളും അദ്ദേഹം ക്യാമറയിൽ പകർത്തി. ഫോട്ടോഷോപ്പ് പോലുള്ള സാങ്കേതികവിദ്യകൾ വരുന്നതിന് മുൻപുതന്നെ ഫോട്ടോ എഡിറ്റിംഗിൽ അദ്ദേഹം വൈദഗ്ധ്യം നേടിയിരുന്നു. തമിഴ്നാട്ടിലെ കോലം വരയും ഇന്ത്യൻ ദേവീദേവന്മാരുടെ രൂപങ്ങളും അദ്ദേഹത്തിന്റെ പ്രിന്റുകളിൽ പ്രധാന പ്രമേയങ്ങളായി കടന്നുവന്നിട്ടുണ്ട്. ബിനാലെ ക്യൂറേറ്റ് ചെയ്യുന്ന നിഖിൽ ചോപ്രയുടെയും എച്ച്എച്ച് ആർട്സ്പേസിന്റെയും നേതൃത്വത്തിൽ മൂന്ന് വിഭാഗങ്ങളിലായാണ് ഈ പ്രദർശനം ക്രമീകരിച്ചിരിക്കുന്നത്.

രാഷ്ട്രനിർമ്മാണം, മനുഷ്യനും യന്ത്രവും, മൃഗസ്നേഹം എന്നിവയാണ് ഈ വിഭാഗങ്ങൾ. ഗാന്ധിജി, നെഹ്റു, അംബേദ്കർ തുടങ്ങിയ നേതാക്കൾക്കുള്ള ആദരവും സാമൂഹിക വിമർശനങ്ങളും അദ്ദേഹത്തിന്റെ ചിത്രങ്ങളിൽ കാണാം. ഓട്ടോറിക്ഷകളിലെ ചിത്രങ്ങൾ, തീപ്പെട്ടിക്കൂടുകൾ, സിനിമാ താരങ്ങളുടെ ചിത്രങ്ങൾ, തെരുവിലെ സൈൻബോർഡുകൾ എന്നിവയിൽ നിന്നുള്ള ഘടകങ്ങളും അദ്ദേഹം തന്റെ സൃഷ്ടിയിൽ ഉപയോഗിച്ചിട്ടുണ്ട്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com